**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3309** **11-03-2025 - ൽ മറുപടിയ്ക്ക്**

**പീലിംഗ് തൊഴിലാളികൾക്കായി പ്രത്യേക സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | പീലിംഗ് തൊഴിലാളികളുടെ കൂലിയും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച് നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ച പ്രത്യേക സമിതിയുടെ രൂപീകരണവും തുടർപ്രവർത്തനവും ഏത് ഘട്ടം വരെ ആയി എന്ന് വിശദമാക്കുമോ? | (എ) | പീലിംഗ് തൊഴിലാളികളുടെ കൂലിയും തൊഴിൽ സാഹചര്യങ്ങളും സംബന്ധിച്ച് 21.06.2024-ലെ ശ്രദ്ധക്ഷണിക്കലിന് നിയമസഭയിൽ നൽകിയ ഉറപ്പിന്റെ അടിസ്ഥാനത്തിൽ, ചെമ്മീൻ പീലിംഗ് അടക്കം സംസ്ഥാനത്ത് മത്സ്യ സംസ്കരണ മേഖലയിലെ തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് നേരിൽക്കണ്ട് പഠിക്കുന്നതിനും അവരുടെ തൊഴിൽ, ജീവിത, സാമ്പത്തിക, ആരോഗ്യനിലവാരം എന്നിവ മെച്ചപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായും, ലേബർ കമ്മീഷണർ, ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ, ഫിഷറീസ് ഡയറക്ടർ, തൊഴിലാളി സംഘടനകളിൽ നിന്നുള്ള ഓരോ പ്രതിനിധികൾ എന്നിവരെ അംഗങ്ങളായി ഉൾപ്പെടുത്തി മൂന്ന് മാസത്തിനകം സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 06.03.2025-ലെ സ.ഉ.(സാധാ) നം.298/2025/ തൊഴിൽ പ്രകാരം ഒരു പ്രത്യേക സമിതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ